## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1624 — 12/06/2019-ൽ മറുപടിയ്ക്ക്

# എല്ലാവർക്കും വീട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.സി.ജോസഫ്** | | **ശ്രീ.എ.സി.മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | 2018-19 സാമ്പത്തിക വർഷം എല്ലാവർക്കും വീട് നിർമ്മിക്കാനുള്ള പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും ഭാഗികമായും എത്ര വീടുകൾ നിർമ്മിക്കാൻ കഴിഞ്ഞുവെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; | എ) | ലൈഫ് ഭവന പദ്ധതിയിൽ 2018 - 19 സാമ്പത്തിക വർഷത്തിൽ 86192 ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുകയും 17036 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 69156 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഓരോ വീടും പൂർണ്ണമായി നിർമ്മിക്കാൻ എത്ര രൂപയാണ് സഹായം നൽകുന്നതെന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സഹായം എത്ര രൂപ വീതമാണെന്നും വെളിപ്പെടുത്തുമോ; | ബി) | ഓരോ വീടിനും നാല് ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം (20%), സംസ്ഥാന സർക്കാർ വിഹിതം, ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതം എന്നീ ഫണ്ടുകളാണ് ഭവന പദ്ധതിക്കായി ഉപയോഗിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി (ജില്ല/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്) 80,000/- രൂപ വീതവും സംസ്ഥാന വിഹിതമായി ഒരു ലക്ഷം രൂപാ വീതവും ഹഡ്കോ മുഖേനയുള്ള ലോൺ വിഹിതമായി 2.20 ലക്ഷം രൂപയുമാണ് ഭവന പദ്ധതിക്കായി ഓരോ ഗുണഭോക്താവിനും നൽകുന്നത്. |
| സി) | ഈ ആവശ്യത്തിലേക്കായി സംസ്ഥാന സർക്കാരിൽ നിന്നും 2018-19 ൽ എത്ര കോടി രൂപ സഹായമായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | സി) | 2018 - 19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭ്യമായിട്ടില്ല. |
| ഡി) | പി.എം.എ.വൈ പദ്ധതിയിൽ 2018-19 ൽ കേരളത്തിന് എത്ര വീടുകൾ അനുവദിച്ചുവെന്നും ഇതിലേക്കായി എത്രകോടി രൂപ കേന്ദ്ര സഹായം ലഭിച്ചുവെന്നും അറിയിക്കുമോ ? | ഡി) | 2018 - 19 സാമ്പത്തിക വർഷം പി.എം.എ.വൈ(ജി) പദ്ധതിയിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ വീടുകളൊന്നും അനുവദിച്ചിട്ടില്ല. ടി വർഷം കേന്ദ്ര വിഹിതം പി.എം.എ.വൈ(ജി) വീടുകൾക്ക് അനുവദിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Phase II - Progress Report | | | | | | | | |
|---|---|---|---|---|---|---|---|---|
| District | Approved Beneficiaries | Agreement Executed | Not started | Stage I | Stage II | Stage III | Stage IV | Completed |
| Thiruvananthapuram | 29634 | 13694 | 13 | 2549 | 4774 | 4283 | 5 | 2070 |
| Kollam | 16283 | 7877 | 128 | 826 | 2391 | 2633 | 0 | 1899 |
| Pathanamthitta | 4386 | 1821 | 51 | 49 | 150 | 284 | 418 | 869 |
| Alappuzha | 14929 | 8733 | 53 | 290 | 1173 | 2684 | 2851 | 1682 |
| Kottayam | 7766 | 3787 | 627 | 161 | 443 | 680 | 833 | 1043 |
| Idukki | 18831 | 9945 | 285 | 2745 | 2696 | 2132 | 1399 | 688 |
| Ernakulam | 10822 | 5046 | 322 | 682 | 744 | 1371 | 0 | 1927 |
| Thrissur | 11718 | 4534 | 0 | 431 | 318 | 919 | 1437 | 1429 |
| Palakkadu | 22808 | 11545 | 568 | 3436 | 4082 | 2734 | 0 | 725 |
| Malappuram | 15390 | 5516 | 93 | 774 | 1267 | 1777 | 0 | 1605 |
| Kozhikode | 10393 | 4621 | 0 | 895 | 1598 | 1219 | 0 | 909 |
| Wayanad | 7756 | 3743 | 386 | 766 | 1324 | 742 | 0 | 525 |
| Kannur | 4879 | 2066 | 39 | 86 | 130 | 272 | 544 | 995 |
| Kasaragod | 8660 | 3264 | 94 | 437 | 906 | 1049 | 108 | 670 |
| Total | **184255** | **86192** | **2659** | **14127** | **21996** | **22779** | **7595** | **17036** |